

## പല്ലവി

എന്റെ ദൈവം സ്വർഗസിംഹാസനം തന്നി-
ലെന്നിൽ കനിഞ്ഞെന്നെ ഓർത്തീടുന്നു

## ചരണങ്ങൾ

അപ്പനും അമ്മയും വീടും ധനങ്ങളും
വസ്തുസുഖങ്ങളും കർത്താവത്രെ
പൈതൽപ്രായം മുതല്ക്കിന്നേവരെയെന്നെ
പോറ്റി പുലർത്തിയ ദൈവം മതി

ആരും സഹായമില്ലെല്ലാവരും പാരിൽ
കണ്ടും കാണാതെയും പോകുന്നവർ
എന്നാലെനിക്കൊരു സഹായകൻ വാനിൽ
ഉണ്ടെന്നറിഞ്ഞതിലുല്ലാസമെ

പിതാവില്ലാത്തോർക്കവൻ നല്ലൊരു താതനും
പെറ്റമ്മയെക്കവിഞ്ഞാർദ്രവാനും
വിധവയ്ക്കു കാന്തനും സാധുവിന്നപ്പവും
എല്ലാവർക്കുമെല്ലാമെൻ കർത്താവത്രെ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



കരയുന്ന കാക്കയ്ക്കും വയലിലെ റോസയ്ക്കും
ഭക്ഷ്യവും ഭംഗിയും നല്കുന്നവൻ
കാട്ടിലെ മൃഗങ്ങളാറ്റിലെ മത്സ്യങ്ങ-
ളെല്ലാം സർവേശനെ നോക്കീടുന്നു

കോടാകോടി ഗോളമെല്ലാം പടച്ചവ-
നെല്ലാറ്റിനും വേണ്ടതെല്ലാം നല്കി
സൃഷ്ടികൾക്കൊക്കെയുമാനന്ദ കാരണൻ
ദുഷ്ടന്മാർക്കേറ്റവും ഭീതികരൻ

കല്യാണശാലയിലെന്നെ വിളിച്ചെന്റെ
സന്താപമൊക്കെയും തീർത്തീടുന്നാൾ
ശീഘ്രം വരുന്നെന്റെ കാന്തൻ വരുന്നെന്നി-
ലുല്ലാസമായ് ബഹുകാലം വാഴാൻ

ലോകം വെടിഞ്ഞെന്റെ സ്വർഗീയനാടിനെ
കാണാൻ കൊതിച്ചു ഞാൻ പാർത്തീടുന്നു
അന്യൻ പരദേശിയെന്നെന്റെ മേലെ-
ഴുത്തെന്നാൽ സർവസ്വവും എന്റേതത്രേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me